പതിനാറാം കേരളനിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1288 | 15-10-2026-ൽ മറുപടിയ്ക്ക്

**കോഴിക്കോട് കൊടിയത്തൂർ വില്ലേജിൽ റീസർവേ നമ്പർ 172**

**ചോദ്യം ഉന്നയിച്ച അംഗങ്ങൾ** | **മറുപടി നൽകിയ മന്ത്രി**

ശ്രീ. സി. കെ. കാസിം | ശ്രീ. എ. പി. അനിൽ കുമാർ (റവന്യൂ വകുപ്പ് മന്ത്രി)

**(എ)** കോഴിക്കോട് ജില്ലയിലെ കൊടിയത്തൂർ വില്ലേജിൽ റീസർവേ നമ്പർ 172 നിലവിൽ ഏത് സോണിലാണ്;

**മറുപടി:** ഭരണഘടനയുടെ Article 246, പട്ടിക നമ്പർ 68ഉം, ആഭ്യന്തര മന്ത്രാലയത്തിൻ്റെ വിജ്ഞാപനം SO 425(E) dated 22-9-2025യും, ദേശീയ ദുരന്ത നിവാരണ പദ്ധതിയും അനുസരിച്ച് മണ്ണിടിച്ചിൽ/ഉരുൾപൊട്ടൽ സാധ്യതാ പ്രവചനം, മണ്ണിടിച്ചിൽ/ഉരുൾപൊട്ടൽ ദുരന്ത സാധ്യതാ ഭൂപടം തയ്യാറാക്കൽ എന്നിവ ദേശീയ സ്ഥാപനമായ Ministry of Mines-ന് കീഴിൽ Geological Survey of Indiaക്കാണ്. ശാസ്ത്രീയ പഠനങ്ങളുടെയും ഭൂവിവര വ്യവസ്ഥയുടെയും സഹായത്തോടെയാണ് പ്രസ്തുത ഭൂപടങ്ങളും സോണുകളും തയ്യാറാക്കിയിട്ടുള്ളത്. സർവേ നമ്പർ അടിസ്ഥാനത്തിൽ ഉരുൾപൊട്ടൽ സാധ്യതാ സോണേഷൻ വിവരങ്ങൾ Geological Survey of India തയ്യാറാക്കി നല്കിയിട്ടില്ല.

**(ബി)** ഉരുൾപൊട്ടലോ,പ്രകൃതി ദുരന്തങ്ങളോ ഉണ്ടായിട്ടില്ലാത്ത പ്രസ്തുത പ്രദേശം റെഡ് സോണിലാണെങ്കിൽ അതിൽ നിന്നൊഴിവാക്കാൻ തീരുമാനിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ ആയതിനുള്ള നടപടി സ്വീകരിക്കുമോ?

**മറുപടി:** ഭരണഘടനയുടെ Article 246, പട്ടിക നമ്പർ 68ഉം, ആഭ്യന്തര മന്ത്രാലയത്തിന്റെ വിജ്ഞാപനം SO 425(E) dated 22-9-2025യും, ദേശീയ ദുരന്ത നിവാരണ പദ്ധതിയും അനുസരിച്ച് മണ്ണിടിച്ചിൽ/ഉരുൾപൊട്ടൽ സാധ്യതാ പ്രവചനം, മണ്ണിടിച്ചിൽ/ഉരുൾപൊട്ടൽ ദുരന്ത സാധ്യതാ ഭൂപടം തയ്യാറാക്കൽ എന്നിവ ദേശീയ സ്ഥാപനമായ Ministry of Minesഇന് കീഴിൽ Geological Survey of Indiaക്കാണ്.

ഒരു പ്രദേശത്തിൻ്റെ ഉരുൾപൊട്ടൽ സാധ്യതാ ഭൂപടങ്ങളും സോണേഷനും ശാസ്ത്രീയ പഠനങ്ങളുടെ അടിസ്ഥാനത്തിൽ ദേശീയ ഏജൻസിയായ ജിയോളജിക്കൽ സർവേ ഓഫ് ഇന്ത്യ ആണ് തയ്യാറാക്കിയിട്ടുള്ളത്. വിശദമായ മൈക്രോസോണേഷൻ പഠനങ്ങൾ ഉൾപ്പെടെയുള്ള ശാസ്ത്രീയ പഠനങ്ങളുടെ അടിസ്ഥാനത്തിലാണ് സോണുകൾ നിർണയിച്ചിട്ടുള്ളത്. ശാസ്ത്രീയമായ തുടർപഠനങ്ങളുടെ അടിസ്ഥാനത്തിൽ മാത്രമേ നിലവിലുള്ള സോണേഷനിൽ മാറ്റം വരുത്താൻ സാധിക്കുകയുള്ളൂ.

**സെക്ഷൻ ഓഫീസർ**